**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജലനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി .എസ്. ശിവകുമാർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി പദ്ധതിയുടെ നിർവ്വഹണ നടത്തിപ്പ് പുനരവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ജലനിധി പദ്ധതി നിയമാവലി അനുസരിച്ച് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും പൂർണ്ണമായും അതാത് ഗുണഭോക്തൃ സമിതികൾക്കാണ്. വിവിധങ്ങളായ കാരണങ്ങളാൽ ചില പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായിട്ടുണ്ട് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ പ്രവത്തനക്ഷമ മാക്കുന്നതിനായി 2018-ൽ സംസ്ഥാന സർക്കാർ “സുസ്ഥിരതാ പദ്ധതി” എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നു. ഈ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 1300 കുടിവെള്ളപദ്ധതികൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 190 കുടിവെള്ള പദ്ധതികൾ പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ പലതും പ്രവർത്തനരഹിതമാണെന്നത് വസ്തുതയാണോ; | (ബി) | പ്രാദേശികമായി ജലസ്രോതസ്സുകൾ വികസിപ്പിച്ച് നടപ്പിലാക്കുന്ന ചെറിയ കുടിവെള്ള വിതരണ പദ്ധതികളാണ് 2008-ൽ അവസാനിച്ച ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ നടപ്പിലാക്കിയത്. ഗുണഭോക്തൃസമിതിയുടെ ഉടമസ്ഥതയിലുള്ളതും, തുടർ നടത്തിപ്പും പരിപാലനവും സമിതികൾ തന്നെ നടത്തുന്നതുമായ ഈ പദ്ധതികൾ സംബന്ധിച്ച് പരിശോധിക്കവെ വിവിധ കാരണങ്ങളാൽ ഭാഗികമായി പ്രവർത്തിക്കുന്നതും, പൂർണ്ണമായി പ്രവർത്തിക്കാത്തതു മായ ഏകദേശം -35% ത്തോളം സ്കീമുകളുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ പുനരുദ്ധീകരിക്കുന്നതിനും നവീകരിക്കുന്നതിനും ഇതിനകം എന്ത് ഇടപെടലാണ് സ്വീകരിച്ചത്; | (സി) | ഭാഗികമായി മാത്രം പ്രവർത്തിക്കുന്നതും, പൂർണ്ണമായി പ്രവർത്തിക്കാത്തതുമായ പദ്ധതികൾ പുനരുദ്ധീകരിച്ച് നവീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി "Sustainability Support to Community Managed Water Supply Scheme" എന്ന പേരിലുള്ള ഒരു സുസ്ഥിരതാ പദ്ധതി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം ഗുണഭോക്തൃസമിതി വിഹിതം, എന്നിവ കൂടി ഉൾപ്പെടുത്തി തുടർ നടത്തിപ്പ് നിയമാവലിയുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | നവീകരിച്ച പദ്ധതികളിൽ എത്ര പദ്ധതികളാണ് ഇതിനകം പ്രവർത്തനക്ഷമമായത്; ശേഷിക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പുനരുദ്ധാരണ – നവീകരണ പ്രവർത്തനങ്ങൾക്കായി അനുമതി ലഭിച്ച 1300 പ്രവൃത്തികളിൽ 196 പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് തുടർ നടത്തിപ്പ് നിയമാവലി അംഗീകരിച്ച് പ്രവർത്തിക്കുന്നതിന് തയ്യാറായ സമിതികളുടെ പദ്ധതികളുടെ പ്രവൃത്തികൾ ഈ സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ